LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർ

137. [137] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തതുകൊണ്ട് ഫലമില്ലെന്ന സ്ഥിതിവിശേഷം തൊഴിൽ രഹിതരിൽ ഉളവായിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്റ്ററുകൾ പ്രകാരം 31-1-2006-ലെ തൊഴിൽ അന്വേഷകരുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിക്കപ്പെട്ടവരുടെ എണ്ണം 2001-02 മുതൽ 2005-06 വരെ ഓരോ വർഷവും എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) ഇതേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ മറികടന്നു കൊണ്ട് ഏതെങ്കിലും സർക്കാർ വകുപ്പിൽ താൽക്കാലിക നിയമനം നടത്തിയതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇത്തരം ഒരു തോന്നൽ ചിലരിലെങ്കിലും ഉളവായിട്ടുണ്ടെന്ന കാര്യം സർക്കാരിനു ലഭിക്കുന്ന നിവേദനങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 30-11-2005 വരെയുള്ള കണക്കുകളാണ് സമാഹരിച്ചിട്ടുള്ളത്. അതു പ്രകാരം 3815812 പേർ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

വർഷം		നിയമനം ലഭിച്ചവരുടെ എണ്ണം
2001-02	..	13239
2002-03	..	12599
2003-04	..	9331
2004-05	..	9797
2005-06 (30-11-2005 വരെ)	..	7064

(ഡി) ചില സർക്കാർ വകുപ്പുകളിൽ താൽക്കാലിക നിയമനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിലും, വിദ്യാഭ്യാസ വകുപ്പിലും, ചില പ്രത്യേക സാഹചര്യങ്ങളിൽ നേരിട്ടുള്ള നിയമനം നടത്താൻ അനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ നിയമനം നടത്തിയിട്ടുള്ളത്.